(ഡി) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളുംകൂടി നിർവ്വഹിക്കപ്പെടുന്നതിനുള്ളതാണ്. പഞ്ചായത്തുകൾ ചെലവഴിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

(ഇ) നിർമ്മൽ ഭാരത് അഭിയാൻ നിലവിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന സഹായം എല്ലാ ഘടകങ്ങളുംകൂടി നിർവ്വഹിക്കപ്പെടുന്നതിനുള്ളതാണ്. ലഭ്യമായ തുകയിൽനിന്നും വിവിരവിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്കായി 2011 മുതൽ 2015 വരെ 866.33 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. ആകെ ചെലവിന്റെ 15.18 ശതമാനം.

(എഫ്) ഇക്കാര്യത്തിൽ ശുചിത്വ മിഷൻ ഒരു അനാസ്ഥയും കാണിച്ചിട്ടില്ല

വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലെ മാനദണ്ഡം

49 (4084) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിലെ മാനദണ്ഡം എന്തെല്ലാം എന്നറിയിക്കുമോ ;

(ബി) വിദ്യാഭ്യാസ വായ്പകളുടെ 2008-09-ലെ പലിശനിരക്കും നിലവിലെ പലിശനിരക്കും എത്രയാണ് ;

(സി) വിദ്യാഭ്യാസ വായ്പയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നല്കിയിട്ടുണ്ടോ ;

(ഡി) ഏതെങ്കിലും ദേശസാൽകൃത ബാങ്കുകൾ അമിത പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം ബാങ്കുകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത് ;

(ഇ) പലിശ നിശ്ചയിക്കുന്നതിലെ മാനദണ്ഡം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) IBA Scheme പ്രകാരമുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.* എന്നാൽ മാനേജ്മെന്റ് ക്വാട്ടയ്ക്ക് IBA Scheme പ്രകാരമുള്ള മാനദണ്ഡമല്ല പകരം അതാത് ബാങ്കുകളുടെ സ്കീം അനുസരിച്ചായിരിക്കും വായ്പ അനുവദിക്കുന്നത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതാത് ബാങ്കുകൾക്ക് അവരവരുടെ പലിശനിരക്കായിരിക്കും.

(സി) ഇല്ല.

(ഡി&ഇ) ഇന്ത്യൻ ബാങ്കേഴ്സ് അസോസിയേഷന്റെ മോഡൽ എഡ്യൂക്കേഷണൽ ലോൺ സ്കീം ഖണ്ഡിക എട്ട് പ്രകാരം ബേസ്റേറ്റിനെ ആധാരമാക്കി അതാത് ബാങ്കുകൾക്ക് വിദ്യാഭ്യാസ ലോണിന്റെ പലിശ നിരക്ക് നിശ്ചയിക്കാവുന്നതാണ്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന നിരക്ക് മറ്റു ലോണുകളേക്കാൾ കൂടുതലും വ്യത്യസ്ത ബാങ്കുകളിൽ വ്യത്യസ്തവുമാണ്. വിദ്യാഭ്യാസ ലോണിന്റെ പലിശനിരക്ക് കാർഷിക ലോണിന്റേതിന് തുല്യമാക്കി കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്.

പദ്ധതിവിഹിതം ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതി

50 (4085) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വേണ്ട വിഹിതം ഒറ്റബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതി ഏതു വർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ രീതി അവലംബിക്കാനിടയായ കാരണങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തിയത് ഏതെല്ലാം പദ്ധതിക്ക് വേണ്ടിയാണെന്നും അവയ്ക്കെല്ലാം കൂടി ആകെ എന്ത് തുക വകയിരുത്തിയെന്നും ഓരോ പദ്ധതിക്കും എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും മൊത്തം ചെലവുകൾ എത്ര ശതമാനമെന്നും വർഷം തിരിച്ച് വിശദമാക്കുമോ ;

(ഡി) ചെലവുകളുടെ ശതമാനക്കണക്കിന്റെ അടിസ്ഥാനത്തിൽ പല പദ്ധതികൾക്കായി ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്തുന്ന പുതിയ രീതി വിജയമാണോയെന്നും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിച്ചുവോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2013-14 വാർഷികപദ്ധതി മുതലാണ് മുഖ്യഅടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുവേണ്ട വിഹിതം ഒറ്റ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തുന്ന രീതിക്ക് തുടക്കം കുറിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly